Draft #2 of File C4/471/23/JCTE Approved by DCTE on 07-Aug-2023 05:37 PM - Page 1

C4/471/23/JCTE

സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം,
കൈമനം , തിരുവനന്തപുരം
07.08.2023

## വിജ്ഞാപനം നം: 45/2023

വിഷയം : കെ.ജി.ടി.ഇ ഫോട്ടോഗ്രാഫി പരീക്ഷ - ആഗസ്റ്റ് 2023

1. സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന കെ.ജി.ടി.ഇ - ഫോട്ടോഗ്രാഫി പരീക്ഷ എഴുതുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

2. പരീക്ഷാ ടൈം ടേബിൾ www.tekerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

3. പരീക്ഷാ കേന്ദ്രങ്ങളുടെ വിവരം പിന്നീട് അറിയിക്കുന്നതാണ്.

4. പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യതകൾ

പൊതു പരീക്ഷാ കമീഷണർ നടത്തുന്ന പത്താം ക്ലാസ് പത്താം ക്ലാസ് പരീക്ഷയിലെ വിജയം ആണ് അടിസ്ഥാന യോഗ്യത. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തുന്നതോ / സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽ ഫോട്ടോഗ്രാഫി ഫോട്ടോഗ്രാഫി വിഭാഗത്തിൽപ്പെട്ട വിഷയങ്ങളിൽ പഠനം പൂർത്തീകരിച്ച് 80% -ൽ കുറയാതെ ഹാജർ ഉള്ളവർ പരീക്ഷ എഴുതാൻ യോഗ്യത ഉള്ളവർ ആയിരിക്കും. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ ഹാജർ നില കുറഞ്ഞവർക്ക് (80% -ൽ താഴെ 65% വരെ ഹാജർ ഉള്ളവർക്ക്) സ്ഥാപന മേധാവി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇക്കാര്യത്തിലെ അപരാധം ഒഴിവാക്കി പരീക്ഷ എഴുതാനുള്ള ഉത്തരവ് നേടാവുന്നതാണ്. വർഷത്തിൽ ഒരു തവണ മാത്രമായിരിക്കും പരീക്ഷ നടത്തുന്നത്.

5. അപേക്ഷാ ഫോറം

പരീക്ഷയ്ക്കുള്ള അപേക്ഷാഫോറം www.tekerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ആയത് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് നിശ്ചിത ഫീസൊടുക്കിയ ചെല്ലാൻ രസീതും പത്താം ക്ലാസ്സ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സ്ഥാപന മേധാവിക്ക് നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

6. സ്ഥാപനമേധാവികൾക്കുള്ള നിർദ്ദേശങ്ങൾ

സ്ഥാപനമേധാവികൾ പരീക്ഷാ ഫോമുകൾ സ്വീകരിക്കുമ്പോൾ തന്നെ അപേക്ഷകന്റെ വിവരങ്ങൾ കൃത്യമാണോയെന്നും കൃത്യമായ ഫീസ് തുകയാണോ ഒടുക്കിയിരിക്കുന്നതെന്നും പരിശോധിക്കേണ്ടതാണ്. യോഗ്യരായ അപേക്ഷകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് (പേര്, രജിസ്റ്റർ നമ്പർ, ഫീസ് വിവരം, ഹാജർ നിലവാരം ഉൾപ്പടെയുള്ളവ) തയ്യാറാക്കി അപേക്ഷകൾ സാങ്കേതിക പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

7. ഫീസ് വിവരം

| | |
|---|---|
| പരീക്ഷാ ഫീസ് (എല്ലാ തിയറി പരീക്ഷകൾക്കും കൂടി) | 500/- |
| ഗവ: ട്രഷറിയിൽ ഫീസ് അടയ്ക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് | 0202-02-101-98-Exam Fees |
| പ്രായോഗിക പരീക്ഷ ഓരോന്നിനും പരീക്ഷാ കേന്ദ്രത്തിൽ അടയ്ക്കേണ്ട അധിക ഫീസ് | 170/- |
| സപ്ലിമെന്ററി പരീക്ഷാ ഫീസ് | 170/- |

പരീക്ഷാ ഫീസ്, സ്ഥാപന മേധാവികൾ ശേഖരിച്ച് ട്രഷറിയിൽ അടച്ച് ഒറിജിനൽ ചെല്ലാൻ ഓരോ വിദ്യാർത്ഥിയുടെയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

8. തീയതികൾ

| | |
|---|---|
| സ്ഥാപന മേധാവിക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 19.08.2023 |
| പ്രതിദിനം 30/- രൂപ പിഴയോട് കൂടി പരീക്ഷാ ഫീസ് അടയ്ക്കാവുന്ന അവസാന തീയതി | 22.08.2023 |
| 830/- രൂപ പിഴയോട് കൂടി അടയ്ക്കാവുന്ന അവസാന തീയതി | 25.08.2023 |
| സ്ഥാപന മേധാവികൾ അപേക്ഷകൾ സാങ്കേതിക പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 26.08.2023 |

9. ഫീസാനുകൂല്യത്തിന് അർഹരായ പരീക്ഷാർത്ഥികൾ ആയത് തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

10. ഒരിക്കൽ അടച്ച ഫീസ് ഒരു കാരണവശാലും തിരികെ നൽകുകയോ മറ്റ് പരീക്ഷകൾക്കായി പരിഗണിക്കുകയോ ചെയ്യുന്നതല്ല. പരീക്ഷാ ഫീസ് അടച്ചു എന്നത് പരീക്ഷ എഴുതുന്നതിനുള്ള അവകാശമായി കണക്കാക്കുന്നതല്ല.

11. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർ സർട്ടിഫിക്കറ്റിനും മാർക്ക് ലിസ്റ്റിനും അതത് സമയത്ത് സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഒടുക്കേണ്ടതാണ്.

12. അപേക്ഷ അയക്കേണ്ട വിധം

സ്ഥാപനമേധാവികൾ വിദ്യാർത്ഥികളിൽ നിന്നും പരീക്ഷാ ഫീസും അപേക്ഷയും വാങ്ങി പരിശോധിച്ച് മേലൊപ്പ് വച്ച് ഒറിജിനൽ ചെല്ലാൻ സഹിതം സാങ്കേതിക പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നിശ്ചിത തീയതിക്കുള്ളിൽ തന്നെ എത്തിക്കേണ്ടതാണ്. ഫീസിളവുള്ള വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ ആയതിനുള്ള വ്യക്തമായ രേഖകളും സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറം ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

13. ടൈം ടേബിൾ ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. പരീക്ഷയെ സംബന്ധിക്കുന്ന എല്ലാ അറിയിപ്പുകളും ഔദ്യോഗിക വെബ്സൈറ്റായ www.tekerala.org -യിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല. സൂക്ഷ്മ പരിശോധന (Scrutiny) നടത്തുന്നതാണ്.

മുഹമ്മദ് അസീർ എ കെ
DCTE

പകർപ്പ് :

1. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Approval Valid

Digitally Approved By
മുഹമ്മദ് അസീർ എ കെ
Date: 07.08.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #2 of File C4/471/23/JCTE Approved by DCTE on 07-Aug-2023 05:37 PM - Page 2